# Weekly Devotion- December 2016
# The Mouth of the Faithful

**(വിശ്വസ്തന്റെ വായ്)**




**"എന്റെ വായ് നിന്റെ വിശ്വസ്തതയെ അറിയിക്കും" (സങ്കീ:89:1)**

ലോകമനുഷ്യർക്ക് പരിചയമില്ലാത്ത വാക്കുകളാണ് വിശ്വാസം, വിശ്വസ്തത എന്നിവ. ഈ സ്വഭാവഗുണങ്ങൾ പരിശീലിച്ചവർ യഥാർത്ഥ ദൈവമക്കളാണ്. ഏത് പ്രതികൂലത്തിലും വിശ്വസ്തരായ് നില്പാനും തങ്ങളുടെ വായാൽ ദൈവത്തെ സ്തുതിപ്പാനും അവർക്ക് കഴിയുന്നു.

ഡോക്ടർ ബർണാഡോ ഒരു മെഡിക്കൽ വിദ്യാർത്ഥി ആയിരുന്ന കാലത്ത് ലണ്ടൻ തെരുവുകളിൽ സുവിശേഷ പ്രചരണാർത്ഥം ലഘുലേഖകൾ നൽകുകയും, യേശുവിനെപ്പറ്റി പറയുകയും ചെയ്തിരുന്നു. ഒരു ദിവസം അക്രമാസക്തരായ ചില സുവിശേഷ വിരോധികൾ ബർണാഡിനെ കൈയ്യേറ്റം ചെയ്തു. അദ്ദേഹത്തെ സ്നേഹിക്കുന്നവർ കേസ് ഫയൽ ചെയ്യുവാനാവശ്യപ്പെട്ടിട്ടും അദ്ദേഹം സന്തോഷ ത്തോടെ അത് തിരസ്ക്കരിച്ചു. "സുവിശേഷത്തിൽ നിന്നാണ് എന്റെ പ്രവർത്തനം ആരംഭിച്ചത് അത് സുവിശേഷത്തിൽ തന്നെ അവസാനിപ്പിക്കുവാനും താല്പര്യമുണ്ട്. എന്റെ ഗുരു എന്നെ പഠിപ്പിച്ചത് അവർക്കുവേണ്ടി പ്രാർത്ഥിപ്പാനാണ്. അതിനാൽ

എന്റെ വായ് അവന്റെ വിശ്വസ്തതയെ വർണ്ണിക്കും" എന്നാണ് ഡോക്ടർ നല്കിയ മറുപടി. അതായത് അദ്ദേഹത്തിന്റെ വായ് വിശ്വസ്തന്റെ ആയിരിക്കും എപ്പോഴും. നമ്മുടെ വായ് എപ്രകാരമുള്ളത് ?

വിശ്വാസം എന്നത് ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ച യവുമാണ്.കാണാത്ത കാര്യങ്ങൾ ലഭിച്ചു എന്ന് നാം വിശ്വസിക്കുന്നത് നല്ലതുതന്നെ. എന്നാൽ അത് പ്രവർത്തിപഥത്തിലാകുമ്പോൾ മാത്രമേ അത്ഭുതം നടക്കുന്നുള്ളൂ. ആ അത്ഭുതം വർണ്ണിക്കുവാനും, ദൈവത്തെ മഹത്വപ്പെടുത്തുവാനും ഒരു 'വിശ്വ




സ്തന്റെ വായ്" കൊണ്ടു മാത്രമേ കഴിയുകയുള്ളൂ. വിശ്വസ്തനു മാത്രമേ പ്രശ്നങ്ങളുടെ മുമ്പിൽ ധൈര്യത്തോടെ സംസാരിപ്പാൻ കഴിയുകയുള്ളൂ. യോഹ:(2:1-11)വരെയുള്ള വാക്യങ്ങളിൽ ഗലീലയിലെ കാനാവിലുള്ള ഒരു കല്യാണവീട് കാണാം. ആ വീട്ടിലുണ്ടായ കുറവ് മനസ്സിലാക്കുവാനും , അതിനെപ്പറ്റി പറയേണ്ട ആളോട് പറയുവാനും മറിയയ്ക്ക് കഴിഞ്ഞത് വിശ്വസിക്കുവാൻ യോഗ്യനായവനെ അറിഞ്ഞതുകൊണ്ടും, വിശ്വസ്തന്റെ ധൈര്യം ഉള്ളതിനാലുമാണ്. ഉറപ്പും നിശ്ചയവും മാത്രം പോര, പ്രവർത്തിയും നടന്നേ മതിയാകുകയുള്ളൂ. "അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അത് ചെയ്വിൻ" എന്ന് ശുശ്രൂഷക്കാർക്ക് നിർദ്ദേശം നൽകുവാനും കഴിഞ്ഞു. പ്രവർത്തി ചെയ്യുവാൻ അവരും തയ്യാറായി, കൂടാതെ ചോദ്യം ചെയ്യാതെ യേശുവിന്റെ വാക്കനുസരിക്കുകയും ചെയ്തപ്പോൾ അത്ഭുതം നടന്നു. അനുഭവിച്ചവർ എല്ലാം വിശ്വസ്തന്റെ വായുടെ പ്രവർത്തി ചെയ്തു. നമുക്ക് ഈ വിശ്വാസവും , അനുസരണവും ഉണ്ടോ? വിശ്വസ്തന് ദൃഢധൈര്യം ഉണ്ട്.

വിശ്വസ്തന്റെ വായ് പ്രതികൂലതീയുടെ ചൂട് കുറയ്ക്കുന്നു. ദാനി:(3:14-30) വരെയുള്ള വാക്യങ്ങൾ ശ്രദ്ധിക്കുക. "നിങ്ങളെ എന്റെ കയ്യിൽ നിന്ന് വിടുവിക്കുന്ന ദേവൻ ആർ ?" എന്ന ചോദ്യത്തിന് എബ്രായ ബാലൻമാർ പറഞ്ഞ മറുപടി ശ്രദ്ധേയമത്രേ.നെബുവദ്നസ്സേരേ, ഈ കാര്യത്തിൽ ഉത്തരം പറയുവാൻ ആവശ്യമില്ല. ഞങ്ങൾ

സേവിക്കുന്ന ദൈവം ഞങ്ങളെ എരിയുന്ന തീച്ചൂളയിൽ നിന്നും രാജാവിന്റെ കയ്യിൽ നിന്നും വിടുവിക്കും. ഈ വിശ്വസ്തൻമാരുടെ വായിലെ വാക്കുകേട്ട് സ്വർഗ്ഗം സന്തോഷിച്ചു. അവർ ഹൃദയത്തിൽ വിശ്വസിച്ച് പ്രവർത്തിച്ചപ്പോൾ അവരെക്കാൾ മുൻപേ, ഏഴ് ഇരട്ടി ചൂട് വർദ്ധിപ്പിച്ച തീയിൽ ദൈവം ഇറങ്ങി. അതിനാൽ വിശ്വസ്തൻമാർക്ക് ചൂളയുടെ ചൂട് അനുഭവിക്കേണ്ടി വന്നില്ല.പകരം ദൈവീക സാമീപ്യത്തിന്റെ സന്തോഷം ലഭ്യമായി. അവരെ തീയിൽ ഇടുവാൻ കൊണ്ടുപോയ പുരുഷൻമാരെ തീ ദഹിപ്പിക്കുകയും ചെയ്തു.ഏത് പ്രതികൂലത്തിലും നമ്മുടെ വായ് ദൈവീക വിശ്വസ്തത സൂക്ഷിക്കുന്നതായാൽ അവൻ സകല സ്വർഗ്ഗീയ നന്മകളാലും നമ്മെ നിറയ്ക്കും.

വിശ്വസ്തനാവുള്ളവരുടെ കൂട്ടായുള്ള പ്രവർത്തനം ബലഹീനരെ യേശുവിന്റെ അടുക്കൽ എത്തിക്കുകയും , അത്ഭുതവിടുതലും ശക്തിയും അവർക്ക് ലഭിക്കുകയും ചെയ്യും. മർക്കോ:(2:1-12) വരെയുള്ള വാക്യങ്ങളിൽ യേശു കഫർന്നഹൂമിലെ വീട്ടിലുണ്ടെന്ന ശ്രുതി കേട്ടവർ അവരുടെ വായുടെ ഫലം, ഐക്യത, ആരോഗ്യം ഇവ ഒരു പക്ഷവാതക്കാരനുവേണ്ടി ഉപയോഗിച്ചതായി കാണാം. ഒരാൾ കേട്ട ശ്രുതി മറ്റു നാലു പേരോടും പറഞ്ഞതായാലും, നാലുപേരും ആ ശ്രുതി കേട്ടതായാലും ഒരു കാര്യം വ്യക്തമാണ് അവരുടെ വായ് വിശ്വസ്തന്റെ വായ് ആണ്. വാക്കുമാറാത്തവന്റെ ദൂത് കൈമാറിയ അവർ ഒത്തുചേർന്ന് ഒരു ബലഹീനനെ കിടക്കയോടെ യേശുവിന്റെ മുൻപിൽ എത്തിച്ചു. നാലു പേർക്കും ഒരേ ലക്ഷ്യം, ഒരേ വിശ്വാസം. അത് ഒതുക്കി വയ്ക്കാതെ പരസ്പരം പങ്കു വച്ചതിനാൽ ബലഹീനതയിൽ ഉള്ള ഒരുവനെ കിടക്കയോടെ യേശുവിന്റെ മുൻപിൽ ഇറക്കി വയ്ക്കുവാനും , പരസഹായത്തോടെ വന്നവൻ യേശുവിന്റെ വായുടെ ശക്തി അറിയുവാനും ഇടയായി. വീടിനുള്ളിൽ തിങ്ങി നിന്നവർ 'കിടക്ക എടുത്ത് നടക്കുക' എന്ന് പറഞ്ഞവനെയും കിടക്ക എടുത്ത് നടന്നവനെയും കണ്ടു. വിശ്വസ്തവന്റെ വായ് ഉള്ളവരായി, വചനം പറയുവാനും അനുഗ്രഹം പ്രാപിപ്പാനും ദൈവം നിങ്ങളെ ഒരുക്കട്ടെ.

## പ്രാർത്ഥന

പ്രീയ യേശുവേ, വിശ്വസ്തന്റെ പ്രവർത്തി ചെയ്യുവാനും, അനേകരെ യേശുവിന്റെ അടുക്കൽ എത്തിയ്ക്കുവാനുമുള്ള കൃപ ഞങ്ങളിൽ പകരേണമേ. ഉപദ്രവിക്കുന്നവരോട് പകരം ചെയ്യുവാനല്ല അവർക്കു വേണ്ടി പ്രാർത്ഥിപ്പാനുള്ള കൃപ തരേണമേ

ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind